HLM-0145

The Heavenly Light Ministry

എന്റെ യേശു എനിക്കു നല്ലവൻ
അവനെന്നെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ വൻ പ്രയാസങ്ങളിൽ
മനമെ അവൻ മതിയായവൻ — എന്റെ

കാൽവറി മലമേൽ കയറി
മുൾമുടി ശിരസ്സിൽ വഹിച്ചു
എന്റെ വേദന സർവ്വവും നീക്കി എന്നിൽ
പുതുജീവൻ പകർന്നവനാം — എന്റെ

അവനാദ്യനും അന്ത്യനുമേ
ദിവ്യ സ്നേഹത്തിനുറവിടമേ
പതിനായിരത്തിലതി ശ്രേഷ്ഠനവൻ
സ്തുത്യനാം വന്ദ്യനാം നായകൻ — എന്റെ

മരുഭൂ യാത്ര അതികഠിനം
പ്രതികൂലങ്ങളനു നിമിഷം
പകൽ മേഘ സ്തംഭം രാത്രി അഗ്നി തൂണായ്
എന്നെ അനുദിനം വഴി നടത്തും — എന്റെ

എന്റെ ക്ലേശമെല്ലാം നീങ്ങിപ്പോം
കണ്ണു നീരെല്ലാം തുടച്ചീടുമേ
അവൻ രാജാവായ് വാനിൽ വെളിപ്പെടുമ്പോൾ
ഞാൻ അവനിടം പറന്നുയരും. — എന്റെ